## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2610** **09.05.2017 ൽ മറുപടിയ്ക്ക്**

## ദേവികുളം മണ്ഡലത്തിലെ പുതിയ കാർഷിക പദ്ധതികൾ

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| ദേവികുളം നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയിൽ പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പദ്ധതിയാണെന്ന് വ്യക്തമാക്കുമോ? | 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ പ്രത്യേക കാർഷിക മേഖല രൂപീകരണം (Special Agricultural Zone) എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കേരളത്തിലെ പ്രധാന വിളകൾ ഓരോന്നും അവ കൂടുതൽ കൃഷി ചെയ്യുന്ന പ്രദേശങ്ങൾക്ക് ഉന്നൽ നൽകിക്കൊണ്ട് ഉല്പാദന വർദ്ധനവിന് ശാസ്ത്രീയ കൃഷി രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഉല്പാദനം വിപണനം. സംസ്കരണം, മൂല്യവർദ്ധനവ്, സംഭരണം എന്നിങ്ങനെ കൃഷിയുടെ എല്ലാ വശങ്ങളും ഉൾപ്പെടുന്ന ഒരു സമഗ്ര പദ്ധതിയാണിത്. നെല്ല്, പച്ചക്കറി, വാഴ, പുഷ്പവിളകൾ, നാളികേരം, ട്രൈബൽ കൃഷി എന്നിവയാണ് നടപ്പ് സാമ്പത്തിക വർഷം, പ്രത്യേക കാർഷിക മേഖല എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് പദ്ധതി രൂപത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിൽ ശീതകാല പച്ചക്കറിക്കുള്ള പ്രത്യേക കാർഷിക മേഖല ഇടുക്കി, ജില്ലയിലെ ദേവികുളം മണ്ഡലത്തിൽപ്പെട്ട വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |

s.[signature]

സെക്ഷൻ ഓഫീസർ